## വിഷയവിവരം


| | |
|---|---|
| വായനക്കാരോടുള്ള വിശേഷകഥനം | v |
| ആമുഖം | xi |
| ഓർമയുടെ പുറങ്ങളിൽനിന്ന് | 01 |
| പ്രഥമദർശനത്തിലെ സ്നേഹം | 19 |
| ബാബാ എന്റെ ആശ്രയം | 29 |
| ബ്രഹ്മവിദ്യയുടെ ശാശ്വതപ്രവാഹം | 39 |
| അവസാനദർശനം | 49 |
| നമ്മുടെ ഗുരുപരമ്പര | 53 |
| ബാബാവിന്റെ എഴുത്തുകൾ | 55 |
| പൂർണാശ്രമം ഉദ്ഘാടനത്തിന് മുമ്പ് | 65 |

ബാബാ തന്റെ ആശ്രമത്തിനു പൂർണാശ്രമം എന്ന പേർ നല്കിയിരുന്നു.

കാരണം, അദ്ദേഹം വിശ്വസിച്ചിരുന്നത് ആധ്യാത്മികതമാത്രമാണ് മനുഷ്യജീവനെ അനന്തതയുടെ സ്പർശത്താൽ പരിപൂർണനാക്കുക. ബാബാ പറയുമായിരുന്നു, "ലോകരുടെ ദൃഷ്ടിയിൽ ആധ്യാത്മികത മനുഷ്യനെ ജീവിതവിമുഖനാക്കുന്നു, മനുഷ്യരിൽനിന്നു തീരെ അകറ്റിനിർത്തുന്നു.

"എന്നാലോ, വാസ്തവം ഇതാണ്: ആധ്യാത്മികവളർച്ചയാൽ മനുഷ്യന്റെ മനസ്സ് ക്രമത്തിൽ വ്യാപ്തിനേടി സമസ്തലോകത്തേയും സ്വന്തമാക്കിത്തീർക്കുന്നു. ആധ്യാത്മികജ്ഞാനത്താൽമാത്രമേ ജീവിതത്തെ പൂർണരൂപത്തിൽ ആസ്വദിയ്ക്കാനാകൂ."

# ഓർമയുടെ പുറങ്ങളിൽനിന്ന്

സ്വാമി ഭൂമാനന്ദതീർഥ

## എന്റെ ചെറുപ്പകാലദിനങ്ങൾ

ഞങ്ങൾ ഏഴു സഹോദരസഹോദരിമാരാണ്; ഞാനോ, അവരിൽ ഏറ്റവും ചെറുപ്പവും. ഞങ്ങൾ അത്ര ധനികരായിരുന്നില്ല; എന്നാലോ ദരിദ്രരുമല്ല, ധാരാളമില്ലെങ്കിലും ഞങ്ങൾ സഹോദരങ്ങൾക്ക് എന്തെങ്കിലും അഭാവം ഉണ്ടായിരുന്നതായി ഓർമയില്ല. ദേഹത്തിന്റേയും മനസ്സിന്റേയും വികാരപോഷണത്തിനായി എന്തെല്ലാം വേണമോ, അതിൽ ഒന്നിന്റേയും കുറവു ഞങ്ങൾക്കു തോന്നിട്ടേയില്ല; ഞങ്ങളുടെ ജീവിതം സന്തുഷ്ടിയും ഉത്സാഹവുംകൊണ്ട് നിറഞ്ഞിരുന്നു.

ചെറുപ്പത്തിലെ കഥ ഓർക്കുമ്പോൾ, ഒരുകാര്യം മനസ്സിൽ വരുന്നു, സ്കൂളിൽ പഠിയ്ക്കുമ്പോൾ എനിയ്ക്കു ശരിയായ വഴി കാണിച്ചു തരാനായി ആരും ഉണ്ടായിരുന്നില്ലെന്നുവേണം പറയാൻ. പഠിയ്ക്കുന്നതിന് ഒരു നിഘണ്ടു ആവശ്യമാണല്ലോ. സ്കൂളിൽ പഠിയ്ക്കവേ നിഘണ്ടു എന്നൊന്ന് ഉണ്ടെന്നുപോലും ഞാൻ അറിഞ്ഞിരുന്നില്ല.

സാധാരണയായി ചുറ്റുമുള്ള പഠിച്ചവരെ നോക്കിയാണല്ലോ കുട്ടികൾ പലതും മനസ്സിലാക്കുക. മറ്റുള്ളവർ വിദ്യാസമ്പന്നരുടെ ഭാഷയിൽ സംസാരിയ്ക്കും, പഠിപ്പിൽ നന്നേ മുന്നേറിയുമിരിയ്ക്കും, അവരുടെ ജീവിതലക്ഷ്യം ഉയർന്നതാകും. ചെറുപ്പക്കാർക്ക് അവരുമായുള്ള സമ്പർക്കത്താലാണ് നല്ലതു പലതും അറിയാൻ കഴിയുക; വിശേഷിച്ചും ദൈനന്ദിനജീവിതം വേണ്ടുംവണ്ണം നയിയ്ക്കുന്നതെങ്ങനെയെന്നു ഗ്രഹിയ്ക്കാൻ ആവുക.

എന്റെ അച്ഛൻ നിലത്തു മണൽവിരിച്ച്, അതിൽ വിരൽത്തുമ്പുകൊണ്ട് എഴുതിയാണ് പഠിച്ചത്; അമ്മയ്ക്കോ, പതിവുപഠിപ്പേ ഉണ്ടായിട്ടില്ല. അന്നൊക്കെ പെൺകുട്ടികളെ പഠിപ്പിയ്ക്കുന്ന ചിന്തയേ ഇല്ല; എന്നാലും ചില സംസ്കൃതശ്ലോകങ്ങൾ നല്ല ഉച്ചാരണശുദ്ധിയോടെ എന്നെ അമ്മ പഠിപ്പിച്ചിട്ടുണ്ട്. ഇതെങ്ങനെ സാധിച്ചെന്നു ഞാൻ ആലോചിച്ചിരുന്നു. അമ്മയുടെ അച്ഛൻ സംസ്കൃതവിദ്വാൻ ആയിരുന്നു. പലേടങ്ങളിൽനിന്നും, സമീപത്തുള്ള രാജധാനിയിൽനിന്നുപോലും, പഠിപ്പുള്ള പലരും വിവിധ പ്രശ്നങ്ങളുമായി മുത്തശ്ശന്റെ പക്കൽ വരുമായിരുന്നുവത്രെ.

മുത്തശ്ശൻ തികഞ്ഞ രാമായണഭക്തനാണ്, എന്റെ അമ്മ അദ്ദേഹത്തിൽനിന്നു തന്നത്താനെ പലതും പഠിച്ചിരിയ്ക്കണം.

## പ്രഥമദർശനം

എന്തായാലും ഔദ്യോഗികജീവിതം നയിയ്ക്കാനായി ജ്യേഷ്ഠന്റെ കൂടെ ഞാൻ കൊൽക്കത്തയ്ക്കു പോയതോടെ ഈ ചിത്രമാകെ മാറി. അവിടെയാണ് എനിയ്ക്കു ഗുരുദേവിനെ ആദ്യമായി കാണാൻ ഇട യായത്. ആ സമയം ഞങ്ങളുടെ ഫ്ളാറ്റിൽ ഞാനും എന്റെ പൂർവാ ശ്രമജ്യേഷ്ഠനും, ഇദ്ദേഹം പിന്നീടു സന്ന്യസിച്ചു പൂർണാനന്ദതീർഥ നായി, മാത്രമേ ഉണ്ടായിരുന്നുള്ളു.

ഞങ്ങളുടെ വലിയ ജ്യേഷ്ഠനാണ് ആദ്യമായി കൊൽക്കത്തയിൽ ഉദ്യോഗാർഥം പോയത്. വർഷങ്ങൾക്കുശേഷം അദ്ദേഹം ജോലിവിട്ടു കുടുംബസമേതം കേരളത്തിൽ ഞങ്ങൾക്കു തൃശ്ശൂരിലുള്ള ഗൃഹ ത്തിൽ താമസമായി; ഉദ്ദേശം, അച്ഛനമ്മമാരെ സംരക്ഷിയ്ക്കണം, വിശാലമായ കൃഷിസ്ഥലം നോക്കിനടത്തുകയും വേണം. പിന്നീടു കൃഷിഭൂമിയടക്കം ഗൃഹത്തെ ആശ്രമമാക്കി; 'ജ്ഞാനാശ്രമം' എന്നാ ണ് അതിനു പേര്. താമസിയാതെ അദ്ദേഹവും ധർമപത്നിയും സ ന്ന്യാസം സ്വീകരിച്ച്, സ്വാമി പുരുഷോത്തമതീർഥനും മാതാജി ശാന്താ ദേവിയുമായി. ബാബാ ജ്ഞാനാശ്രമത്തിൽ മൂന്നുനാലു പ്രാവശ്യം വന്നു താമസിച്ചിട്ടുണ്ട്.

കൊൽക്കത്തയിലെത്തി അല്പമാസങ്ങൾക്കുള്ളിൽ എനിയ്ക്കു ബാബാവെ ആദ്യമായി നേരിൽ കാണാൻ കഴിഞ്ഞു. അന്നു ബാബാ കുറെ ആഴ്ചകൾ ഞങ്ങളുടെ ആതിഥ്യം സ്വീകരിയ്ക്കയുണ്ടായിയെ ന്നതു ഞങ്ങളുടെ സൗഭാഗ്യംതന്നെ.

സംഭവം ഇങ്ങനെയാണ്. ഒരുനാൾ എന്റെ ജ്യേഷ്ഠൻ ഞങ്ങളുടെ ഫ്ളാറ്റിലേയ്ക്ക് ഒരു ജ്ഞാനിമഹാത്മാവെ കൂട്ടിക്കൊണ്ടുവന്നു, അ ദ്ദേഹം കുറച്ചുദിവസം നമ്മുടെകൂടെ താമസിയ്ക്കും എന്നു പറഞ്ഞു. ഈ വാർത്ത തെല്ലൊന്ന് അദ്ഭുതമായി തോന്നിയെങ്കിലും എന്റെ മന സ്സിൽ വിശേഷപ്രതികരണമൊന്നും രചിച്ചില്ല. സാധാരണ ഒരു വീട്ടിൽ സ്വജനങ്ങളും ബന്ധുബാന്ധവരും മാത്രമാണല്ലോ താമസിയ്ക്കുക; എന്നാൽ ഇപ്പോൾ വരുന്നതു തികച്ചും വ്യത്യസ്തനായ ഒരാളാണ്. എന്താകും ഇതിനർഥം? നമ്മുടെ ജീവിതത്തിൽ ഈ സംഭവത്തിന്റെ പ്രസക്തിയെവിടെ, ഇക്കാര്യത്തിൽ എന്റെ കൃത്യമോ ഭാഗമോ എന്ത്? എന്റെ മനസ്സ് ഇങ്ങനെ ചിലതൊക്കെ ആലോചിച്ചു കാണും.

എന്തായാലും ഉദ്ദേശിച്ച ദിവസം ആ സിദ്ധപുരുഷൻ ജ്യേഷ്ഠന്റെ കൂടെ വന്നു. അദ്ദേഹത്തിന്റെ കയ്യിൽ ഒരു സിത്താർ ഉണ്ട്, കൂട്ടുകാ രായി ഇനിയുമുണ്ട് ചില സാധനങ്ങൾ. അവക്കിടയിൽ ഒന്നാണ് ഹാർ മോണിയം. അദ്ദേഹം മെല്ലെമെല്ലെ ഞങ്ങളുടെ ഒന്നാംനിലയിലെ

ഫ്ളാറ്റിലേയ്ക്കുള്ള കോണിപ്പടികയറി വാതിലിന് അടുത്തെത്തി.

നീണ്ട താടിയും മുടിയുമായി, മുണ്ടും ജുബ്ബയും ധരിച്ച്, വല്ലാതെ മെലിഞ്ഞ ഒരാൾ. പ്രത്യേകം തയ്യാറാക്കിയ മുറിയിലേയ്ക്ക് അദ്ദേഹത്തെ ഞങ്ങൾ കൂട്ടിക്കൊണ്ടുപോയി. അദ്ദേഹം സിത്താർ താഴെവെച്ചു നിലത്തു വിരിച്ചിരുന്ന ആസനത്തിൽ ഇരുന്നു.

ജ്യേഷ്ഠൻ എന്നോട് അദ്ദേഹത്തെ നമസ്കരിയ്ക്കാൻ പറഞ്ഞു. ഞാൻ യഥാവിധി ശരീരത്തെ നിലത്തുപതിപ്പിച്ചുകൊണ്ട് സാഷ്ടാംഗം പ്രണമിച്ച്, കൈപ്പടങ്ങൾ രണ്ടുമെടുത്ത് അദ്ദേഹത്തിന്റെ പാദങ്ങളിൽ സൗമ്യമായി വെച്ചു.

പ്രണമിച്ചു ഞാൻ എഴുന്നേല്ക്കവേ അദ്ദേഹം രണ്ടു കൈകളും നീട്ടി എന്റെ കവിളുകൾ താങ്ങിപ്പിടിച്ച് എന്റെ മുഖത്തെ തന്റേതിനോട് അടുപ്പിച്ച്, നെറ്റിയിൽ സ്നേഹപൂർവം ചുംബിച്ചു.

അത് എന്നെ അങ്ങേയറ്റം വിസ്മയപ്പെടുത്താൻ വേണ്ടത്രയായി. ഇത്രയും വയസ്സായ ഒരാൾ ആരാകാം? എന്റെ കുടുംബത്തിൽ ആരിൽനിന്നും ഇത്തരം സ്നേഹപ്രകടനം അന്നുവരെ എന്റെ അറിവിലോ ഓർമയിലോ ഉണ്ടായിട്ടില്ല, ഞാൻ അച്ഛനമ്മമാരുടെ ഏഴാമത്തേതും അവസാനത്തേതുമായ സന്താനമാണെങ്കിലും.

ഏതാനും നിമിഷങ്ങൾമുമ്പ് ആദ്യമായിക്കണ്ട ഒരുവനോട് എങ്ങനെയാണ് ഒരാൾ ഇത്രയധികം സ്നേഹം കാണിയ്ക്കുക? ഞാൻ അദ്ദേഹത്തിന്റെ ആരുമല്ല. ഇദ്ദേഹത്തിനു ഞാനുമായി ഒരു പരിചയവുമില്ല. തികച്ചും അപരിചിതർക്കിടയിൽ സ്നേഹത്തിന്റെ സ്വതഃസിദ്ധമായ ഇത്തരം പ്രകടനം സംഭാവ്യമോ?

ഈ സംഭവമാണ് അദ്ദേഹത്തോട് എനിയ്ക്കു ജനിച്ച സ്നേഹത്തിന്റെ തുടക്കം. അത് ഇന്നും തുടരുന്നു. ബാബാവിന്റെ സാന്നിധ്യം എന്റെ ജീവിതത്തെയാകെ മാറ്റിയെടുത്തുവെന്നു പറയാം. താത്പര്യപൂർണമായ ഒരു പുതുജീവിതം എനിയ്ക്ക് അപ്പോൾത്തന്നെ തുടക്കം കുറിച്ചു.

**സൃഷ്ടികർത്താവിന്റെ രീതിക്രമങ്ങൾ**

ഞാൻ പൈതൃകദത്തമായ എല്ലാ ആചാരാനുഷ്ഠാനങ്ങളും കൃത്യമായി പാലിച്ചുപോന്നിരുന്നു; എന്നാലും എന്താണ് ആധ്യാത്മികതയെന്ന ധാരണ തെല്ലും ഉണ്ടായിരുന്നില്ല. എന്തായാലും ഒരു സംഭവം ഓർമവരുന്നു: കുട്ടിയായിരുന്നപ്പോൾ ഒരുദിവസം സ്നേഹിതനുമായി അവരുടെ വീട്ടുതോട്ടത്തിലെ മാവിൽ കയറിയിരിയ്ക്കേ ഞാൻ പറഞ്ഞു: "നാരായണസ്വാമി, എനിയ്ക്ക് ഒന്നിനോടും താത്പര്യം തോ

ന്നുന്നില്ല. ഒന്നിലുമില്ല രുചി. ഇങ്ങനെ ഇഷ്ടം തോന്നാതിരിയ്ക്കുന്നതു തന്നെ ചിലപ്പോഴൊക്കെ വലിയ പ്രശ്നമായി തോന്നുന്നു; എന്നാൽ സമപ്രായമുള്ള സ്നേഹിതരുമായി ഞാൻ നടക്കാറുണ്ട്; എന്നാലും അതിലുമില്ല എനിയ്ക്ക് ഒരു ഇഷ്ടവും താത്പര്യവും."

നാരായണസ്വാമിയ്ക്കു ജ്യോതിഷത്തിൽ നല്ല താത്പര്യമായിരുന്നു. അദ്ദേഹം പറഞ്ഞു: "ഇതിനെ വൈരാഗ്യമെന്നാണ് പറയുക. ആർക്കു വൈരാഗ്യമുണ്ടോ അവനു മോക്ഷം സിദ്ധിയ്ക്കും." വൈരാഗ്യം, മോക്ഷം എന്നീ രണ്ടുവാക്കുകളുമായി അന്നാണ് എനിയ്ക്കു പരിചയമുണ്ടായത്. മോക്ഷം നേടണമെങ്കിൽ ഒറ്റവഴിയേ ഉള്ളൂ - വൈരാഗ്യം.

അന്നേരം എനിയ്ക്കു വലിയ ഒരു അറിവുണ്ടായി. ഞാൻ ചിന്തിച്ചുകൊണ്ടേയിരുന്നു, 'എന്റെ ഈ മനോഭാവം വൈരാഗ്യമാണോ, അപ്പോൾ ഞാൻ മോക്ഷമാർഗത്തിൽ മുന്നേറുകയാണോ?' ഇങ്ങനെ പുതിയൊരു വീക്ഷണം, നവപ്രേരണ, എന്റെ ജീവിതത്തിൽ സ്ഥാനം പിടിച്ചു. എനിയ്ക്ക് അപ്പോൾ മികച്ച എന്തോ ഒന്നു മനസ്സിലാക്കാൻ കഴിഞ്ഞെന്നു തോന്നിയില്ലെങ്കിലും!

എന്റെ ജീവിതത്തിൽ ബാബാവിന്റെ സംസ്പർശമുണ്ടായ ആ സംഭവം അത്യന്തം ഗുരുത്വപൂർണംതന്നെ - വിശേഷിച്ചും വൈരാഗ്യം, മോക്ഷപ്രാപ്തി എന്നിങ്ങനെ ,എന്റെ സ്നേഹിതൻ പ്രസ്താവിച്ചതിന്റെ പശ്ചാത്തലത്തിൽ.

ഒരുവന്റെ ചെറുചെറിയ സംഭവങ്ങൾപോലും ജീവിതത്തിലെ ഭാവി രചിയ്ക്കുമെന്നോ! ചെറുപ്പക്കാരുടെ മനസ്സിനെ ഉയർത്തിയെടുത്ത്, അവരെ ശരിയ്ക്കു ചെന്നെത്തേണ്ടിടത്ത് എത്തിയ്ക്കുന്ന കാര്യത്തിൽ പ്രകൃതിഹസ്തങ്ങൾ ഇത്രയ്ക്കു ജാഗ്രതയുറ്റതും ശക്തിമത്തുമാണോ? ഗ്രാമത്തിലോ പട്ടണത്തിലോ, യുവാവോ വൃദ്ധനോ ആകട്ടേ, ആരുംതന്നെ സൃഷ്ടികർത്താവിന്റെ സ്വന്തം ഹൃദയത്തണലിലാണ് വളർന്നുവരുന്നത്, അല്ലേ? ആ സൃഷ്ടിപ്രഭു ഓരോരുത്തന്റേയും മനസ്സിനേയും ബുദ്ധിയേയും എത്ര ശ്രദ്ധയോടെയാണ് വളർത്തിയെടുക്കുന്നത്!

ചെറിയ സംഭവങ്ങൾപോലും മനുഷ്യജീവിതത്തിൽ എത്ര ഗംഭീരമായ മുദ്രയാണ് പതിപ്പിയ്ക്കുന്നത്! ബാബാവുമായുള്ള സംസ്പർശം എന്റെ ഹൃദയത്തേയും മനസ്സേയും ഉദ്ദേശിയ്ക്കാനാവാത്തവിധം സ്വാധീനിച്ചു.

ബാബാവിന്റെ മുറിയുടെ വാതിൽ മിയ്ക്കവാറും അടച്ചിരുന്നു. ചിലപ്പോഴൊക്കെ എന്റെ ജ്യേഷ്ഠൻ അകത്തുപോയി ഉടൻതന്നെ വാതിൽ

അടയ്ക്കും. ധാരാളം സമയം അവർ ഒരുമിച്ചു ചെലവഴിച്ചിരുന്നു. ഞാൻ ആലോചിയ്ക്കും, ഇത്രയധികം നേരം മുറിയിൽ അവർക്കിടയിൽ എന്തു വിഷയമാണ് ചർച്ചചെയ്യുന്നത്; എന്നാൽ ഒരിയ്ക്കലും ഞാൻ ബാബാവോട് ഇതേപ്പറ്റി ഒന്നുംതന്നെ അന്വേഷിച്ചതുമില്ല.

ഞാൻ സദാ അശാന്തമനസ്സുമായാണ് ഓടിനടന്നിരുന്നത്. "എന്തു ചെയ്താലാണ് മനസ്സിനെ ശാന്തമാക്കാൻ കഴിയുക", ഒരിയ്ക്കൽ ബാബാവോടു ശിശുഭാവത്തിൽ ഞാൻ ചോദിച്ചു; ബാബാ പറഞ്ഞു: "ഏകാഗ്രതയോ, മനുഷ്യജീവിതത്തിൽ ഇത് അവസാനമായി കൈവരിയ്ക്കേണ്ട സംഗതിയാണ്. നീ ചെറുപ്പമല്ലേ?"

കുറച്ചു ദിവസം കഴിഞ്ഞു ബാബാ തിരിച്ചുപോയി. പോകുംമുമ്പേ അദ്ദേഹം ജ്യേഷ്ഠനു ബ്രഹ്മവിദ്യാദീക്ഷ നല്കിയിരുന്നു.

പ്രതിദിനം കാലത്തും വൈകുന്നേരവും ഞാൻ സശ്രദ്ധം സന്ധ്യാവന്ദനവും ജപവും യഥാവിധി ചെയ്തുപോന്നിരുന്നു. കാലത്തു 108 തവണ ഗായത്രി, നിറുത്തി, ശ്രദ്ധയോടെ ജപിയ്ക്കും. എല്ലാംകൂടി അതിനു 40 മിനിട്ടു സമയം വേണ്ടിവരും. സന്ധ്യയ്ക്കു സമയം കുറച്ചു കുറയും, കാരണം അപ്പോൾ 64 തവണയേ ഗായത്രി ജപിയ്ക്കേണ്ടൂ. സന്ധ്യാവന്ദനം രണ്ടുനേരവും ഒരേസമയമെടുക്കും. ബാബാ ഞാൻ സന്ധ്യാവന്ദനം കഴിയ്ക്കുന്നതു ശ്രദ്ധിച്ചിരുന്നു. അതുകണ്ട് അദ്ദേഹത്തിനു സന്തോഷമായിരിയ്ക്കണം.

**ഗഹനഗംഭീരമായ സാന്നിധ്യം**

ബാബാവുമായുള്ള ബന്ധത്തിൽ ഞാൻ ഒരു മുറിവും വരുത്തിയില്ല. അദ്ദേഹത്തെ നന്നേ ഇഷ്ടപ്പെട്ടതിനാൽ ഞാൻ ബാബാവിനു മുറയ്ക്ക് എഴുത്ത് അയച്ചുകൊണ്ടിരുന്നു. ആ സമയത്തു ബാബാവോട് എന്റെ മനസ്സിൽ ആദരത്തേക്കാൾ ഇഷ്ടമായിരുന്നു. എഴുത്തുകൾവഴിയുള്ള ബന്ധം പിന്നീട് എനിയ്ക്കു വലിയ സഹായമായി. എഴുത്തുകൾക്കു ബാബാ അപ്പപ്പോൾത്തന്നെ മറുപടിയും നല്കിയിരുന്നു.

ഒരുദിവസം എനിയ്ക്ക് ആശ്ചര്യകരമായ ഒരനുഭവം ഉണ്ടായി. ഞാൻ ഗായത്രി ജപിയ്ക്കയാണ്. ഹഠാത് എനിയ്ക്കു തോന്നി ബാബാവിൽനിന്നു ദീക്ഷയെടുക്കാനുള്ള സമയമായെന്ന്. ജ്യേഷ്ഠനു ബാബാവിൽനിന്നു ദീക്ഷ ലഭിച്ചിരുന്നല്ലോ. ദീക്ഷയെടുത്തശേഷം ജ്യേഷ്ഠൻ മുറപ്രകാരം ഒരു ഡയറി എഴുതിക്കൊണ്ടിരുന്നു. ഈ പ്രതിദിനക്കുറിപ്പുകളുടെ മുൻപുറത്തിൽ രേഖപ്പെടുത്തിയിരുന്നതു 'ശൂന്യതാപാഠശാല, ഒന്നാംക്ലാസ്' എന്നാണ്.

അതു വായിച്ചതോടെ എന്റെ മനസ്സിൽ ഒരു പ്രശ്നമുയർന്നു.